18-09-2021

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -18/09/2021

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ **സംയോജിത വിളവെടുപ്പാനന്തര പരിപാലനം** എന്ന ഘടകത്തിന്റെ ഭാഗമായി പായ്ക്ക്ഹൗസുകൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ശീതീകരണമുറി, മൊബൈൽ ശീതീകരണശാല, റീഫർ വാനുകൾ, റൈപ്പനിംഗ് ചേംബർ, പ്രോസസ്സിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യനിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, 25 അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുണ്ടായിരിക്കും. സമതല പ്രദേശങ്ങളിലെ ധനസഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോരപ്രദേശങ്ങൾക്ക് 15 ശതമാനം അധിക ധനസഹായവും അനുവദിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

2. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പന കേന്ദ്രത്തിൽ നല്ലയിനം കുറ്റ്യാടി നാടൻ തെങ്ങിൻ തൈകൾ വിൽപ്പനയ്ക്കായി എത്തിച്ചേർന്നിട്ടുണ്ട്. തൈ ഒന്നിന് 100 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം **20** മുതൽ **24** വരെ (തിങ്കൾ മുതൽ വെള്ളി വരെ) വരെ മുള്ളംകൊല്ലി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും എന്ന്

നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെയാണ്. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായോ **9495478744, 9074520868** എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

4. തിരുവനന്തപുരം പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 24-ന് (സെപ്റ്റംബർ 24-ന്) പാറശ്ശാല ഇ.എം.എസ് ഹാളിൽ വച്ച് കർഷകർക്കായി **സംരംഭകത്വ സംഗമം** സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് മൃഗപരിപാലനം, ആട് വളർത്തൽ, മാലിന്യ നിർമ്മാർജ്ജനം, സംരംഭകർക്ക് ബാങ്ക് ലോൺ വിശദാംശങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ധരുടെ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണെന്നും പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ അറിയിച്ചു.

5. റബ്ബർ ബോർഡിന്റെ മഞ്ചേരി റീജണൽ ഓഫീസ് പരിധിയിലുള്ള പയ്യനാട് റീജിയണൽ നഴ്സറിയിൽ ആർആർഐഐ105 (RRII 105), ആർആർഐഐ430 (RRII 430) എന്നിവയുടെ കപ്പു തൈകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു തൈക്ക് 90 രൂപയാണ് വില. താല്പര്യമുള്ളവർ റബ്ബർ ബോർഡ് നിലമ്പൂർ റീജിയണൽ ഓഫീസുമായി **9446249747, 04931296190** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

6. ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായുള്ള അക്വാകൾച്ചർ പരിശീലന പരിപാടിയിലേക്ക് അക്വാകൾച്ചറിൽ ഡിഗ്രി അല്ലെങ്കിൽ വി.എച്ച്.എസ്.ഇ. വിജയകരമായി പൂർത്തീകരിച്ച 20 നും 30 നും ഇടക്ക് പ്രായമുള്ള പരിശീലനാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കും. ഫിഷറീസ് വകുപ്പിന് കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ഫാമുകളിലും ഹാച്ചറികളിലും മറ്റ് ട്രെയിനിംഗ് സെന്ററുകളിലുമായിരിക്കും പരിശീലനം നൽകുന്നത്. 15 പേർക്ക് മാത്രമായി നിജപ്പെടുത്തിയ പരിശീലനത്തിന്റെ കാലാവധി എട്ട് മാസമായിരിക്കും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ഈ മാസം 27-ന് (സെപ്റ്റംബർ 27ന്) മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ഫിഷറീസ് ജോയിന്റ്

ഡയറക്ടർ, (ട്രെയിനിംഗ്) കിഴക്കേ കടുങ്ങല്ലൂർ, യു.സി. കോളേജ്.പി.ഒ, ആലുവ 2 വിലാസത്തിലോ ഓഫീസിന്റെ ഇമെയിൽ (jdtfrgaluva@gmail.com) വിലാസത്തിലോ സമർപ്പിക്കണം. അപേക്ഷാഫോറം ഫിഷറീസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പരിശീലന പരിപാടികൾ**

7. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **പഴുത്ത ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ** പരിശീലനം സംഘടിപ്പിക്കുന്നു. ഈ മാസം 22-ന് (സെപ്റ്റംബർ 22 ന്) രാവിലെ 10 മുതൽ **തെള്ളിയൂരിൽ** പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ചാണ് പരിശീലനം നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും പരിശീലനത്തിൽ പങ്കെടുക്കുന്നതിനുമായി ഈ മാസം 20-ന് (സെപ്റ്റംബർ 20 ന്) 4 മണിക്കുമുമ്പായി **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽവയനാട് ജില്ലയിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റുമാർക്ക്/പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് ഈ മാസം **22**-ന് (22/09/2021 ന്) രാവിലെ 10.30 മണിക്ക് **ഭക്ഷ്യസുരക്ഷ നിയമം-2006 പാൽഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധനാ ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ** എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **പാൽഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/ydy-zpbo-vzr എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

9. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (സെപ്റ്റംബർ 18ന്) ശനി വൈകീട്ട് 7 മണി മുതൽ "**ഓമനപ്പക്ഷികളിലെ രോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ 0494-2962296

എന്നനമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണമെന്ന് ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

10. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് വേണ്ടി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച കൊണ്ട് **പശു, ആട്, എരുമ, കോഴി, കാട, താറാവ്, മുയൽ, നായ വളർത്തൽ, തീറ്റപ്പുൽകൃഷി** എന്നീ വിഷയങ്ങളിൽ എൽ.എം.ടി.സി ആതവനാട് വെച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന "സമ്പന്ന മാലിന്യം "എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ഈ മാസം 20-ന് (സെപ്റ്റംബർ 20) ആരംഭിക്കുന്നു. പൂർണ്ണമായും സൗജന്യമായി നടപ്പിലാക്കുന്ന ഈ കോഴ്സിൽ പഠിക്കാൻ താല്പര്യമുള്ളവർ ഈ മാസം 19 നകം (സെപ്റ്റംബർ 19 നകം) പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പതിനൊന്ന് സെഷനുകളിലായി 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെ എ യു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് ഈ മാസം 20 (സെപ്റ്റംബർ 20) മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.